Archbishop Andrews Thazhath
Chairman
Archbishop Joseph Pamplany
Member
Bishop Thomas Tharayil
Convenor
Bishop Remigiose Inchananiyil
Member
Bishop Thomas Chakiath
Member
Fr. Abraham Kavilpurayidathil
Secretary
Fr. James Kokkavayalil
Asst. Secretary

# വിശദീകരണക്കുറിപ്പ്

**04/11/2023**

**വിഷയം: "സീറോ മലബാർ സിറിയൻ കാത്തലിക്" "Syro Malabar Syrian Catholic" എന്ന സമുദായനാമകരണം സംബന്ധിച്ച്**

2023 ജൂലൈ 08 ന് കേരള സംസ്ഥാന പൊതുഭരണ വകുപ്പിൽനിന്ന് പുറപ്പെടുവിച്ച് ആഗസ്റ്റ് 08 ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ സ. ഉ. കൈ (നമ്പർ) 109/2023/പൊ.ഭ.വ. ഉത്തരവുപ്രകാരം സീറോമലബാർ സഭാംഗങ്ങളായ സുറിയാനി കത്തോലിക്കരുടെ സമുദായനാമം "സീറോ മലബാർ സിറിയൻ കാത്തലിക്" എന്നതായി സംസ്ഥാന സർക്കാർ നിജപ്പെടുത്തിയിരിക്കുന്നു.

2021 ജൂൺ 03 ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സ. ഉ. (എംഎസ്.) നമ്പർ 114/2021 പൊ.ഭ.വ. ഉത്തരവുപ്രകാരമുള്ള സംസ്ഥാനത്തെ സംവരണരഹിത (General Category) വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം നമ്പരായി സീറോമലബാർ സഭയിലെ സുറിയാനി കത്തോലിക്കാ വിഭാഗത്തെ "സിറിയൻ കാത്തലിക് ( സീറോ മലബാർ കാത്തലിക്)" എന്ന പേരിൽ ഉൾപ്പെടുത്തിയിരുന്നു. ഇതു പരിഷ്കരിച്ചാണ് സമുദായത്തിന് പുതിയപേരു നൽകിയിരിക്കുന്നത്.

സീറോമലബാർ സഭയിലെ സുറിയാനി കത്തോലിക്കർ നാളിതുവരെ RC, RCS, RCSC, SC, റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, ക്രിസ്ത്യൻ റോമൻ കാത്തലിക്, Christian RC, Christian RCSC, സീറോമലബാർ തുടങ്ങിയ വിവിധ പേരുകളാണ് സമുദായനാമമായി എസ്എസ്എൽസി ബുക്കിലും മറ്റ് ഔദ്യോഗിക രേഖകളിലും ഉപയോഗിച്ചുപോന്നിരുന്നത്. ഇനിമുതൽ സ്കൂൾ രേഖകളിലും മറ്റ് ഔദ്യോഗികരേഖകളിലും "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന സമുദായനാമമാണ് ഉപയോഗിക്കേണ്ടത് എന്നറിയിക്കുന്നു.

നിലവിൽ, RCSC മുതലായ പേരുകൾ ഔദ്യോഗികരേഖകളിൽ ഉപയോഗിക്കുന്നവർ അവ തിരുത്തേണ്ടിവരുന്ന നിർബന്ധിത സാഹചര്യമില്ല. എന്നാൽ മാറ്റം വരുത്താൻ സാധിക്കുന്ന എല്ലാ രേഖകളിലും മാട്രിമോണിയൽ പോലെയുള്ള അനൗദ്യോഗിക ഉപയോഗങ്ങളിലും ഈ പേരുമാറ്റം വരുത്തേണ്ടതാണ്. മാത്രമല്ല കുട്ടികളുടെ വിവരങ്ങൾ പുതിയതായി ഔദ്യോഗികരേഖകളിൽ ചേർക്കുമ്പോൾ "സീറോ മലബാർ സിറിയൻ കാത്തലിക" എന്ന സമുദായനാമം തന്നെയാണ് ഉപയോഗിക്കേണ്ടത്. നിലവിലുള്ള വിദ്യാർത്ഥികളുടെ സ്കൂൾ രജിസ്റ്ററുകളിലും ഈ തിരുത്തൽ എത്രയുംവേഗം വരുത്തേണ്ടതാണ്. **എസ്എസ്എൽസി ബുക്ക് ആധികാരിക ജാതിരേഖയായി ഉപയോഗിക്കുന്നതിനാൽ എസ്എസ്എൽസി ബുക്കിലും സമാന സർട്ടിഫിക്കറ്റുകളിലും പേരുവിവരങ്ങൾ ചേർക്കുന്ന സമയത്ത് വിദ്യാർത്ഥി**

SYRO-MALABAR MAJOR ARCHIEPISCOPAL CHURCH
PUBLIC AFFAIRS COMMISSION
www.malankaralibrary.com

Archbishop Andrews Thazhath
Chairman
Archbishop Joseph Pamplany
Member
Bishop Thomas Tharayil
Convenor
Bishop Remigiose Inchananiyil
Member
Bishop Thomas Chakiath
Member
Fr. Abraham Kavilpurayidathil
Secretary
Fr. James Kokkavayalil
Asst. Secretary

**കളും രക്ഷാകർത്താക്കളും സ്കൂൾ അധികൃതരും "സീറോ മലബാർ സിറിയൻ കാത്തലിക്" "Syro Malabar Syrian Catholic" എന്ന സമുദായനാമം തന്നെ നിർബ ന്ധമായും ഉപയോഗിക്കേണ്ടതാണ്.. സ്കൂൾ അധികൃതർക്ക് രക്ഷാകർത്താവിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ തിരുത്തൽ വരുത്താവുന്നതാണ്.** (ആവശ്യമെ ങ്കിൽ മാത്രം റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം വാങ്ങിയാൽ മതിയാവും.) എസ്എസ്എൽസി/തതുല്യം കഴിഞ്ഞവർ റവന്യൂ അധികാരികളിൽ നിന്നു ലഭിക്കുന്ന തുല്യതാസാക്ഷ്യപത്രമാണ് അവശ്യസമയത്ത് ഹാജരാക്കേണ്ടത്. സമുദായാംഗങ്ങൾ ഇനിമുതൽ ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് പോലെയുള്ള ആവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഈ ഔദ്യോഗിക നാമം തന്നെ ഉപയോഗിക്കുന്നതാണ് ഉചിതം.

## ഈ പേരുമാറ്റം സംബന്ധിച്ച് ഏതാനും സംശയങ്ങൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അവയ്ക്കുള്ള വിശദീകരണം ചുവടെചേർക്കുന്നു

### 1. പുതിയ സമുദായനാമത്തിൽ 'സിറിയൻ' ആവർത്തിക്കുന്നതെന്തുകൊണ്ട്?

'സീറോ മലബാർ' എന്നതിലെ 'സീറോ' സുറിയാനിയെ സൂചിപ്പിക്കുന്നു, 'സിറിയൻ കാത്തലിക്' എന്നതിലെ 'സിറിയൻ' എന്നതും സുറിയാനിയെ സൂചിപ്പിക്കുന്നു. എന്തുകൊണ്ടാണ് ഇപ്രകാരം ആവർത്തിച്ചിരിക്കുന്നതെന്ന് ധാരാളം പേർ ചോദ്യമുന്നയിക്കുന്നുണ്ട്. ഇതിനു രണ്ടുകാരണങ്ങളാണ് പ്രധാനമായുമുള്ളത്.

- ഒന്നാമത്തെ കാരണം 'സീറോ മലബാർ' എന്നത് സഭയുടെ പേരാണെങ്കിൽ 'സിറിയൻ കാത്തലിക്' എന്നത് സഭയ്ക്കുള്ളിലെ ഒരു ഉപവിഭാഗത്തിന്റെ പേരാണ്. സീറോമലബാർസഭ, 'സിറിയൻ കാത്തലിക്' വിഭാഗത്തെ കൂടാതെ 'ക്നാനായ കാത്തലിക്', 'ദളിത് കാത്തലിക്', 'നാടാർ കാത്തലിക്' എന്നീ മൂന്നു പ്രധാന ഉപവിഭാഗങ്ങൾക്കൂടി ഉൾക്കൊള്ളുന്ന വ്യക്തിസഭയാണ്. 'സിറിയൻ കാത്തലിക്' ഒഴികെ ബാക്കി മൂന്നുവിഭാഗങ്ങൾക്കും സർക്കാർ രേഖകൾപ്രകാരം വ്യക്തമായ സമുദായനാമങ്ങളുമുണ്ട്. ഇപ്രകാരം സീറോ മലബാർ സഭയിൽ ഈ മൂന്നു വിഭാഗങ്ങളിൽപെടാത്തതും സംവരണ രഹിതരും (General Category) ആയ സഭാംഗങ്ങളെ പ്രത്യേകമായി സൂചിപ്പി ക്കുന്നതിനാണ് 'സിറിയൻ കാത്തലിക്' എന്ന പേരുകൂടി ചേർത്ത് ഉപയോഗി ച്ചിരിക്കുന്നത്.
- രണ്ടാമത്തെ കാരണം 'സിറിയൻ കാത്തലിക്' അഥവാ സുറിയാനി കത്തോലിക്കർ എന്ന പേര് സഭാംഗങ്ങളുടെ ചരിത്രവും പാരമ്പര്യവുമായി ബന്ധപ്പെട്ടുകിടക്കുന്ന പേരാണ്. സഭാംഗങ്ങളെ സംബന്ധിച്ച ചരിത്രരേഖകളി

Archbishop Andrews Thazhath
Chairman
Archbishop Joseph Pamplany
Member
Bishop Thomas Tharayil
Convenor
Bishop Remigiose Inchananiyil
Member
Bishop Thomas Chakiath
Member
Fr. Abraham Kavilpurayidathil
Secretary
Fr. James Kokkavayalil
Asst. Secretary

ലെല്ലാം തന്നെ ആ പേരോ അതിന്റെ വിവിധ രൂപങ്ങളോ ആണ് ഉപയോഗി ച്ചിരിക്കുന്നത്. അതിനാൽ ആ പേര് നിലനിർത്തിയിരിക്കുന്നു.

**2. 'ക്രിസ്ത്യൻ' എന്ന മതനാമംകൂടി പേരിൽ ഉൾപ്പെടുത്തേണ്ടതല്ലായി രുന്നോ?**

'സിറിയൻ കാത്തലിക്' എന്നതിനുപകരം 'സിറിയൻ ക്രിസ്ത്യൻ' എന്നാണ് ഉപയോഗിക്കേണ്ടിയിരുന്നത് എന്നു ചിലർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഔദ്യോഗികരേഖകളിൽ 'മതം' എന്ന കോളം പൂരിപ്പിക്കേണ്ടതുണ്ട് അവിടെയാണ് 'ക്രിസ്ത്യൻ'എന്നുചേർക്കേണ്ടത്. തുടർന്നുവരുന്ന ജാതി/ഉപവിഭാഗം/Denomination എന്നിങ്ങനെയുള്ള കോളത്തിലാണ് "സീറോ മലബാർ സിറിയൻ കാത്തലിക്" എന്നുചേർക്കേണ്ടത്. ഇവിടെ 'സിറിയൻ ക്രിസ്ത്യൻ' എന്നതിനേക്കാൾ 'സിറിയൻ കാത്തലിക്' എന്ന പേരിനാണ് കൂടുതൽ സൂക്ഷ്മതയുള്ളത് എന്നതുകൂടി പരിഗണി ച്ചാണ് ഇപ്രകാരം പേരു രൂപപ്പെടുത്തിയിരിക്കുന്നത്.

**3. RCSC തുടങ്ങിയ പഴയപേരുകൾ ഉപയോഗിക്കുന്നവർക്ക് ആനുകൂല്യ ങ്ങൾ നിഷേധിക്കപ്പെടുകയില്ലേ?**

ഇഡബ്ല്യുഎസ് സംവരണം, മുന്നാക്ക വികസന കോർപ്പറേഷന്റെ സ്കോളർഷിപ്പുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയാണ് സാധാരണയായി സംവരണരഹിത വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ. ഇവ ലഭിക്കുന്നതിന് ഒരു വ്യക്തിയുടെ സമുദായനാമം 2021 ജൂൺ 03 ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 164 സംവരണരഹിത വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടേണ്ട കാര്യമില്ലെന്നും എസ്സ്സി/എസ്ടി, ഒബിസി വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതിരുന്നാൽ മാത്രം മതിയെന്നും സർക്കാർ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ ജാതിസംവരണത്തിന് അർഹതയില്ലാത്ത ആർക്കും സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കപ്പെടുകയാണെങ്കിൽ സംവരണരഹിത വിഭാഗങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ഇക്കാര്യം 03/08/2021 ൽ കേരള നിയമസഭയിൽ ശ്രീ. റോജി എം.ജോൺ എംഎൽഎയുടെ സബ്മിഷന് ബഹു. മുഖ്യമന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 21/06/2021 ൽ സർക്കാർ സംസ്ഥാന എൻട്രൻസ് പരീക്ഷാ കമ്മീഷണർക്ക് നൽകിയ ഉത്തരവിലും ഇക്കാര്യം വ്യക്തമാണ്. കൂടാതെ 07/05/2022 സംസ്ഥാന സർക്കാർ പുറത്തിറക്കിയ സ. ഉ. (കൈ) നം. 216/2022/HEDN നമ്പർ ഉത്തരവുപ്രകാരം ഇഡബ്ല്യുഎസ് സംവരണവു മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ 'മുന്നാക്കവിഭാഗങ്ങളിലെ' എന്നപദം ഒഴിവാക്കി പകരം 'സംവരണാനുസൃതം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലോ മറ്റു പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം

Archbishop Andrews Thazhath
Chairman
Archbishop Joseph Pamplany
Member
Bishop Thomas Tharayil
Convenor
Bishop Remigiose Inchananiyil
Member
Bishop Thomas Chakiath
Member
Fr. Abraham Kavilpurayidathil
Secretary
Fr. James Kokkavayalil
Asst. Secretary

നിൽക്കുന്നതുമായ വിഭാഗം' എന്നു ചേർത്തിരിക്കുന്നു. അതിനാൽ സമുദായനാമം കൃത്യമായി "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് ഔദ്യോഗിക രേഖകളിൽ ചേർക്കാത്തവർക്കും ഇഡബ്ല്യുഎസ് സംവരണത്തിനും സംവരണരഹിതവിഭാഗങ്ങൾക്കു ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും. ഈ വിഷയത്തിൽ സർക്കാർ ഉദ്യോഗസ്ഥർ എന്തെങ്കിലും തടസവാദം ഉന്നയിക്കുകയാണെങ്കിൽ സംസ്ഥാന മുന്നാക്ക കമ്മീഷന് പരാതി നൽകാവുന്നതാണ്. ഇതിനായി പബ്ലിക് അഫയേഴ്സ് കമ്മീഷൻ സഹായം നൽകുന്നതാണ്.

**4. "സീറോ മലബാർ സിറിയൻ കാത്തലിക" എന്നതിന് ചുരുക്കരൂപമുണ്ടോ?**

**ഇല്ല, "സീറോ മലബാർ സിറിയൻ കാത്തലിക്"** (ഇംഗ്ലീഷിൽ **"Syro Malabar Syrian Catholic")** എന്ന് പൂർണമായും എഴുതേണ്ടതാണ്. RCSC എന്ന് ഉപയോഗിച്ചതുപോലെ ഒരു ചുരുക്കരൂപം ഇതിന് ഉദ്ദേശിച്ചിട്ടില്ല.

**5. ഔദ്യോഗികരേഖകളിൽ മാതാപിതാക്കളുടെയും കുട്ടികളുടെയും സമുദായ നാമം വിഭിന്നമാകുന്നതിൽ ആശങ്കപ്പെടേണ്ടതുണ്ടോ?**

കുട്ടികളുടെ ഔദ്യോഗികരേഖകളിൽ "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന പുതുക്കിയ സമുദായനാമം ചേർക്കുമ്പോൾ മാതാപിതാക്കളുടെ ഔദ്യോഗികരേഖകളിൽ RCSC മുതലായ പേരുകളാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതിൽ ആശങ്കപ്പെടേണ്ടതില്ല. ജനറൽ കാറ്റഗറിയിൽ നാളിതുവരെ ഉപയോഗിച്ചു കൊണ്ടിരുന്ന RC, RCS, RCSC, SC, റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, ക്രിസ്ത്യൻ റോമൻ കാത്തലിക്, Christian RC, Christian RCSC, സീറോമലബാർ എന്നിങ്ങനെയുള്ള സമുദായനാമങ്ങൾ "സീറോ മലബാർ സിറിയൻ കാത്തലിക്" എന്നതിന് തത്തുല്യമായിരിക്കും എന്നൊരു തുടർ ഉത്തരവുകൂടി അനുവദിച്ചു കിട്ടുന്നതിന് പബ്ലിക് അഫയേഴ്സ് കമ്മീഷൻ പരിശ്രമം തുടരുന്നതാണ്.

"സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന ഏകീകൃത സമുദായനാമം ഏറ്റവും അടിയന്തിരമായി പ്രയോഗത്തിൽ വരുത്തുന്നതിന് സമുദായാംഗങ്ങളും സഭാസംവിധാനങ്ങളും സ്ഥാപനാധികാരികളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച സംശയങ്ങൾക്ക് പബ്ലിക് അഫയേഴ്സ് കമ്മീഷനെ സമീപിക്കാവുന്നതാണ്. **Mob. 6238214912**

**സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ**

PUBLIC AFFAIRS COMMISSION
SYRO-MALABAR MAJOR ARCHIEPISCOPAL CHURCH

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണം—കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് എന്ന പേര് "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ. ഉ. (കൈ) നമ്പർ 109/2023/പൊ.ഭ.വ. തിരുവനന്തപുരം, 2023 ജൂലൈ 8.

പരാമർശം:—(1) 29-2-2019-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

(2) സ.ഉ. (കൈ) നമ്പർ 114/2021/പൊ.ഭ.വ, തീയതി 3-6-2021.

(3) 14-6-2021-ൽ സീറോ മലബാർ ചർച്ച് മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് കർദ്ദിനാളാൾ ആലഞ്ചേരി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി., സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംവരണേതര പട്ടികയിലെ 163-ാം ക്രമനമ്പരായ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(3) മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ. ജ്യോതിലാൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/